**D 72330** (Pages : 3) Name.................04.................

Reg. No..............................

## THIRD SEMESTER B.A. DEGREE EXAMINATION, NOVEMBER 2014

(UG–CCSS)

Malayalam—Common Course

MA 3A 09 (01)—മലയാള സാഹിത്യം

(2011 Admission onwards)

Time : Three Hours Maximum : 30 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് ¼ :

(A) ഒറ്റ വാക്കിൽ ഉത്തരം എഴുതുക :

1 കൃഷ്ണഗാഥയിലെ പ്രധാന വൃത്തമേത് ?

2 തുഞ്ചൻപറമ്പ് ആരുടെ ജന്മസ്ഥലമാണ് ?

3 'കല്യാണസൗഗന്ധികം' ഏതു വിഭാഗത്തിൽപ്പെടുന്ന തുള്ളലാണ് ?

4 നളചരിതം ആട്ടക്കഥ എഴുതിയതാര് ?

(B) ബ്രാക്കറ്റിൽനിന്നും ശരിയുത്തരം എടുത്തെഴുതുക :

5 ഉള്ളൂരിന്റെ മഹാകാവ്യമേത് ?

(ചിത്രയോഗം, കേശവീയം, ഉമാകേരളം.)

6 "ഇത്തറവാടിത്ത ഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ"

—ആരുടെ വരികൾ ?

(കുമാരനാശാൻ, ഇടശ്ശേരി, പി.പി. രാമചന്ദ്രൻ.)

7 'പാവം മാനവഹൃദയം' ആരുടെ കവിത ?

(വൈലോപ്പിള്ളി, ഇടശ്ശേരി സുഗതകുമാരി.)

8 'ചണ്ഡാലഭിക്ഷുകി'യിലെ നായികയാര് ?

(ലീല, മാതംഗി, വാസവദത്ത.)

(C) പൂരിപ്പിക്കുക :

9 'ബേപ്പൂർ സുൽത്താൻ' എന്നറിയപ്പെടുന്ന എഴുത്തുകാരനാണ് ————.

10 ———— എന്ന കഥയിലെ ഒരു കഥാപാത്രമാണ് ശൈലേന്ദ്ര ബിസ്മേ.

Turn over

11 'നിർമ്മൽ ഭവൻ' വൃദ്ധസദനം ഡയറക്ടറുടെ പേരാണ് ————.

12 ———— ആണ് 'കാവ്യഹേതുക്കൾ' എന്ന ലേഖനമെഴുതിയത്.

(12 × ¼ = 3 weightage

II. എല്ലാ ചോദ്യങ്ങൾക്കും ലഘുവായി ഉത്തരമെഴുതുക. ഓരോന്നിനും വെയിറ്റേജ് 1 :

13 "കൊല്ലിക്കയത്രേ നിനക്കു രസമെടോ"—ആരോടു പറയുന്നു ?

14 "ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളം പിടിച്ചൂ നദി മെല്ലെമെല്ലെ"
—സന്ദർഭമേത് ?

15 "നീ ഇവരുടെ ഫോൺ നമ്പറെഴുതാൻ വിട്ടുപോയിരിക്കുന്നു"—ആര്, ആരോടു പറയുന്നു ?

16 "അവൻെറ ഇരിപ്പു കണ്ടാൽ, വീർത്ത കരിമ്പടക്കെട്ടാണെന്നേ തോന്നൂ"—ഇങ്ങനെ തോന്നാൻ കാരണമെന്ത് ?

17 "ഉന്നതങ്ങളിൽനിന്ന് അതിഥികളിറങ്ങി വരുമ്പോൾ താഴെ, മുറ്റത്ത് മൂപ്പരുടെ നിരക്കം —സന്ദർഭമെഴുതുക.

18 "നല്ല ചിരിയാ . . . ! നിൻെറ . . . വേണേൽ സിനിമേല് ഒരു അരക്കൈ നോക്കാം . . ."—ആരുടെ വാക്കുകൾ ? ആരെപ്പറ്റി ?

19 ചേരേണ്ടതു ചേർന്നു. ഇതുതന്നെ യോഗ്യത ! മാനം ! അന്തസ്സ് "—ഇങ്ങനെ പറയാൻ കാരണം എന്ത് ?

20 സാഹിത്യവിദ്യയുടെ ലക്ഷ്യമെന്തൊക്കെ ?

21 ൻെറ മാധവാ . . . കോടതീം കേസുമൊക്കെ തൊടങ്ങുകല്ലേ, പുതിയൊരെണ്ണമങ്ങു വാങ്ങ് . . . —പ്രസിഡൻറിൻെറ വാക്കുകളിലെ നർമ്മമെന്ത് ?

(9 × 1 = 9 weightage

III. അഞ്ചു ചോദ്യങ്ങൾക്ക് ഓരോ ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനു വെയിറ്റേജ് 2 :

22 ശ്രീകൃഷ്ണൻെറ പ്രഹരമേറ്റപ്പോൾ ഗോവർദ്ധന പർവ്വതത്തിൽ എന്തൊക്ക സംഭവിച്ചു ?

23 ഭീമസേനനെയും സഹോദരങ്ങളെയും കളിയാക്കി ഹനുമാൻ പറയുന്നതെന്തെല്ലാം ?

24 'മൂന്നാമതൊരാൾ' എന്ന കഥയിലെ മൗനത്തിൻെറ അർത്ഥസാദ്ധ്യതകൾ എന്തൊക്കെ ?

25 'ബാക്കി വല്ലതുമുണ്ടോ ?' എന്ന കവിതയിൽ കവി നിരത്തുന്ന നഷ്ടത്തിൻെറ പട്ടികക എന്തെല്ലാം ?

26 'ടൈഗർ' എന്ന കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

27 ഉപഭോഗസംസ്കാരം സൃഷ്ടിക്കുന്ന ജീവിതശൂന്യത 'മാമ്പഴക്കാല'മെന്ന കവിതയിൽ ആവിഷ്കൃ മാവുന്നതെങ്ങനെ ?

28 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയ്ക്ക് ഒരാസ്വാദനമെഴുതുക.

(5 × 2 = 10 weightage

IV. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. ഓരോന്നിനും വെയിറ്റേജ് 4 :

29 "ഗാന്ധിയൻ ഹ്യൂമനിസത്തിൻെറ ഒരു വ്യാഖ്യാനമായി സബർമതി ദൂരെയാണ് എന്ന നാടകത്തെ പരിഗണിക്കാം"—ചർച്ച ചെയ്യുക.

30 "വാർദ്ധക്യം ഒരു കുറ്റമാണോ ? എന്ന കാലിക പ്രസക്തിയുള്ള ചോദ്യമാണ് 'വൃദ്ധസദന'മെന്ന നോവൽ ഉയർത്തുന്നത് "—വിലയിരുത്തുക.

31 "സിനിമയുടെ അടിസ്ഥാന ഘടകം തിരക്കഥയാണ് "—കാഴ്ചയെ മുൻനിർത്തി ചർച്ച ചെയ്യുക.

(2 × 4 = 8 weightage)